mfin powering responsible finance

MICROFINANCE INDUSTRY NETWORK

# Do’s and Don'ts for Microfinance Field Officers

## മൈക്രോഫിനാൻസ് ഫീൽഡ് ഓഫീസർമാർ ചെയ്യേണ്ടതും(Do's) ചെയ്യാൻ പാടില്ലാത്തതും(Don'ts)

മൈക്രോഫിനാൻസ് പ്രവർത്തനങ്ങളെന്നത് ഉത്തരവാദിത്തമുള്ള വായ്പ നൽകൽ, സുതാര്യത, മാന്യമായ പെരുമാറ്റം, ഉപഭോക്താവിന്റെ അന്തസ്സിനോടുള്ള ബഹുമാനം എന്നീ തത്വങ്ങളിൽ അധിഷ്ഠിതമാണ്. വായ്പയെടുക്കുന്നവരുമായി ആദ്യമായി ബന്ധപ്പെടുന്ന ശാഖാ ജീവനക്കാർ ഈ തത്വങ്ങളെ ദൈനംദിന പ്രവർത്തനങ്ങളിൽ നടപ്പാക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു. അവരുടെ പെരുമാറ്റവും തീരുമാനങ്ങളും ഉപഭോക്തൃ വിശ്വാസത്തെയും, നിയമപാലനത്തെയും, ഈ മേഖലയുടെയും മൊത്തത്തിലുള്ള പ്രതിച്ഛായ എന്നിവയെ നേരിട്ട് സ്വാധീനിക്കുന്നു. ഈ സാഹചര്യത്തിൽ, വായ്പയുടെ മുഴുവൻ ഘട്ടങ്ങളിലുമായി സ്വാഭാവിക പെരുമാറ്റം, ധാർമ്മികമായ പെരുമാറ്റം, ജോലിയിലെ കൃത്യത, ഉപഭോക്തൃകേന്ദ്രിത പ്രവർത്തനരീതികൾ എന്നിവ ശക്തിപ്പെടുത്തുന്നതിനായി ശാഖാ ജീവനക്കാർ പാലിക്കേണ്ടതും, ചെയ്യേണ്ടതും, ചെയ്യരുതാത്തതുമായ നിർദേശങ്ങൾ ഈ മാർഗനിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ മാർഗ്ഗനിർദ്ദേശം ഏകീകൃത പെരുമാറ്റ മാനദണ്ഡങ്ങളെ പ്രോത്സാഹിപ്പിക്കുക, വായ്പയെടുക്കുന്നവരുടെ താൽപര്യങ്ങളെ സംരക്ഷിക്കുക, ഉത്തരവാദിത്തപരമായ മൈക്രോഫിനാൻസ് പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായാണ്.

### വായ്പാ പ്രക്രിയ : വിവിധ ഘട്ടങ്ങളിൽ ചെയ്യേണ്ടവയും ചെയ്യാൻ പാടില്ലാത്തവയും

| Do’s - ചെയ്യേണ്ടവ | Don’ts - ചെയ്യാൻ പാടില്ലാത്തവ |
|---|---|
| **A. ഉപഭോക്താക്കളുമായുള്ള പ്രാരംഭ യോഗങ്ങൾ – CGT, GRT, ഗ്രൂപ്പ് രൂപീകരണം മുതലായവ** | |
| 1. വായ്പ പ്രോസസ്സ് ചെയ്യുന്നതിന് മുമ്പ് വായ്പയെടുക്കുന്നയാളുടെ സമ്മതവും കൂടാതെ ലോൺ സംബന്ധമായ കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ടെന്നും ഉറപ്പാക്കുക. | 1. ശരിയായ ഉറപ്പുവരുത്തലില്ലാതെ വായ്പക്കാർക്ക് എല്ലാം മനസ്സിലായി എന്ന് ഊഹിക്കരുത്. |
| 2. അർഹതാ മാനദണ്ഡങ്ങൾ, മൂല്യനിർണയം, വായ്പാ പ്രക്രിയ എന്നിവയെക്കുറിച്ച് സുതാര്യത പാലിക്കുക. | 2. ഗ്രൂപ്പിൽ ചേരുന്നതിനായി വായ്പക്കാരെ സ്വാധീനിക്കുകയോ, സമ്മർദ്ദം ചെലുത്തുകയോ ചെയ്യരുത്. |
| 3. വായ്പാ തിരിച്ചടവ്, അച്ചടക്കം, ഉത്തരവാദിത്തമുള്ള വായ്പയെടുക്കൽ, വായ്പ തിരിച്ചടയ്ക്കാതിരുന്നാലോ ഗഡുക്കൾ മുടങ്ങിയാലോ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ എന്നിവയെക്കുറിച്ച് ഉപഭോക്താക്കളെ ബോധവൽക്കരിക്കുക. | 3. പുതിയ ഉപഭോക്തൃ രജിസ്ട്രേഷൻ അല്ലെങ്കിൽ വായ്പ വിതരണം സംബന്ധിച്ച തീരുമാനങ്ങളിൽ റിംഗ് ലീഡർമാരെയോ സെന്റർ ലീഡർമാരെയോ ആശ്രയിക്കുകയോ ഉൾപ്പെടുത്തുകയോ ചെയ്യരുത്. |
| 4. വായ്പാ നിബന്ധനകൾ, തുക, പലിശ നിരക്ക്, ഇൻഷുറൻസ് പ്രീമിയവും അതിന്റെ പരിധിയും, കൂടാതെ മികച്ച തിരിച്ചടവ് സംസ്കാരത്തിലൂടെ ലഭിക്കുന്ന നേട്ടങ്ങളെക്കുറിച്ചും വായ്പക്കാർക്ക് വിശദീകരിച്ചു നൽകുക. | 4. CGT/GRT അല്ലെങ്കിൽ മറ്റ് പരിശീലന പരിപാടികൾ വെറും ഔപചാരികതയായി വേഗത്തിൽ നടത്തരുത്. |
| **B. വായ്പാ മൂല്യനിർണയം, പരിശോധന - അനുമതിയും (അണ്ടർറൈറ്റിംഗ്) വിതരണവും** | |
| 5. കുടുംബത്തിലെ വരുമാനം നേടുന്ന എല്ലാ അംഗങ്ങളുടെയും സാധുവായ KYC ശേഖരിക്കുന്നത് ഉറപ്പാക്കുക, കൂടാതെ അവരുടെ ക്രെഡിറ്റ് ബ്യൂറോ (CB) പരിശോധന നടത്തുക. | 5. അസൽരേഖകൾ പരിശോധിക്കാതെ KYC രേഖ സ്വീകരിക്കരുത്. KYC മറ്റ് യാതൊരു ആവശ്യത്തിനും ദുരുപയോഗം ചെയ്യപ്പെടാതിരിക്കുമെന്ന് ഉറപ്പാക്കുക. |
| 6. സ്ഥാപനത്തിന്റെ നയപ്രകാരം ഓരോ അംഗത്തിന്റെയും വീട്ടിൽ സന്ദർശനം നടത്തി കുടുംബ വരുമാനം വിലയിരുത്തുക. തിരിച്ചടവുസാധ്യത വസ്തുനിഷ്ഠമായി വിലയിരുത്തുകയും നിങ്ങൾ കണ്ടെത്തിയ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുകയും ചെയ്യുക. | 6. അർഹതാ മാനദണ്ഡങ്ങൾക്ക് അനുയോജ്യമാക്കുന്നതിനായി കുടുംബ വരുമാന വിവരങ്ങൾ തിരുത്തുകയോ / തെറ്റായി കാണിക്കുകയോ ചെയ്യരുത്, കൂടാതെ വാക്കാലുള്ള ഉറപ്പിൽ മാത്രം ആശ്രയിക്കരുത്. |
| 7. സ്ഥാപന നയപ്രകാരം വായ്പയെടുക്കുന്നവർക്ക് വായ്പാ വിവര കാർഡും വായ്പയുമായി ബന്ധപ്പെട്ട മറ്റ് രേഖകളും ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക. | 7. അപൂർണ്ണമായ രേഖകളോടെ വായ്പാ പ്രക്രിയ തുടരരുത്. |
| 8. വിതരണം ചെയ്ത യഥാർത്ഥ തുക, കുറവുകൾ, മറ്റ് വായ്പാ നിബന്ധനകൾ എന്നിവയും കൂടാതെ വ്യവസ്ഥകളുടെ പരസ്യമായ ആശയവിനിമയവും ഉറപ്പാക്കുക. | 8. വായ്പയ്ക്ക് ബാധകമായ ചെലവുകൾ, മറ്റ് നിബന്ധനകൾ, വ്യവസ്ഥകൾ എന്നിവയെക്കുറിച്ച് അപൂർണ്ണമായതോ തെറ്റായതോ ആയ വിവരങ്ങൾ നൽകരുത്. |
| 9. വായ്പ കർശനമായി ഉപഭോക്താവിന്റെ സ്വന്തം അക്കൗണ്ടിലേക്കാണെന്നും അവരുടെ സ്വന്തം ഉപയോഗത്തിനായി എടുത്തതാണെന്നും, വായ്പ മറ്റൊരാളുമായി പങ്കിടുന്നില്ല അല്ലെങ്കിൽ കൈമാറിയിട്ടില്ലെന്നും ഉറപ്പാക്കുക. | 9. വായ്പയെടുക്കുന്നവരിൽ നിന്ന് വെള്ളപേപ്പറിൽ ഒപ്പുകൾ വാങ്ങരുത്. |

# Do's and Don'ts for Microfinance Field Officers

മൈക്രോഫിനാൻസ് ഫീൽഡ് ഓഫീസർമാർ ചെയ്യേണ്ടതും(Do's) ചെയ്യാൻ പാടില്ലാത്തതും(Don'ts)

| Do's - ചെയ്യേണ്ടവ | Don'ts - ചെയ്യാൻ പാടില്ലാത്തവ |
|---|---|
| **C.വായ്പതിരിച്ചുപിടിക്കൽ** | |
| 10. മുൻകൂട്ടി നിശ്ചയിച്ചതും അറിയിച്ചതും നൽകിയതുമായ സമയക്രമപ്രകാരം നിശ്ചിതവും അനുയോജ്യവുമായി സ്ഥലങ്ങളിൽ സെന്റർ മീറ്റിംഗുകൾ നടത്തുക. | 10. സ്ഥാപന നയങ്ങൾക്ക് വിരുദ്ധമായി അല്ലെങ്കിൽ അനുയോജ്യമല്ലാത്ത സമയങ്ങളിൽ വായ്പയെടുക്കുന്നവരെ വിളിക്കുകയോ തിരിച്ചടവ് ശേഖരിക്കുകയോ ചെയ്യരുത്. |
| 11. കമ്പനിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നിശ്ചയിച്ചതോ അല്ലെങ്കിൽ അനുവദിച്ചതോ ആയ സ്ഥലങ്ങളിൽ വെച്ച് മാത്രം തിരിച്ചടവുകൾ ശേഖരിക്കുക. | 11. വായ്പയെടുക്കുന്നവരുടെ ജോലി സ്ഥലങ്ങളിലും, പൊതുസ്ഥലങ്ങളിലും, അല്ലെങ്കിൽ കമ്പനി നയം ലംഘിക്കുന്ന മറ്റ് സ്ഥലങ്ങളിലോ വെച്ച് തിരിച്ചടവ് ശേഖരിക്കരുത്. |
| 12. വായ്പ തിരിച്ചടവ് ശേഖരണത്തിന് രസീത് നൽകുകയും സ്ഥാപന നയപ്രകാരം വായ്പാ കാർഡുകൾ അപ്ഡേറ്റ് ചെയ്യുകയും/ തിരിച്ചടവ് രേഖപ്പെടുത്തുകയും ചെയ്യുക. | 12. ഏതൊരു ഇടപാടിനും രസീത് നൽകുന്നത് വൈകിക്കുകയോ നിഷേധിക്കുകയോ ചെയ്യരുത്. |
| 13. സെന്റർ യോഗങ്ങളിൽ ശരിയായ ഹാജർ ഉറപ്പാക്കുകയും, ഏതെങ്കിലും പ്രാരംഭ സമ്മർദ്ദ സൂചകങ്ങൾ ഉണ്ടെങ്കിൽ അവ റിപ്പോർട്ട് ചെയ്യുകയും ചെയ്യുക. | 13. സെന്റർ മീറ്റിംഗുകളിലെ ഹാജർ രേഖകളിലോ വായ്പാ രേഖകളിലോ ഒപ്പുകൾ വ്യാജമായി ഉണ്ടാക്കരുത്. |
| 14. വായ്പയെടുക്കുന്നവരോടും അവരുടെ കുടുംബാംഗങ്ങളോടും ബഹുമാനപൂർവ്വവും, പ്രൊഫഷണലുമായ ആശയവിനിമയം നിലനിർത്തുക. | 14. ഭീഷണിപ്പെടുത്തുന്ന അല്ലെങ്കിൽ അപമാനകരമായ ഭാഷ ഉപയോഗിക്കരുത്. |
| 15. വായ്പയെടുക്കുന്നവരുടെ മാന്യതയെ ബഹുമാനിക്കുകയും സൗഹൃദപരവും വിനീതവും അക്രമരഹിതവുമായ രീതിയിൽ സംസാരിക്കുകയും ചെയ്യുക. | 15. തിരിച്ചടവ് ശേഖരണ സമയത്ത് ബലപ്രയോഗമോ ഭീഷണിയോ അല്ലെങ്കിൽ സമൂഹമധ്യത്തിൽ അപകീർത്തിപ്പെടുത്തുകയോ ചെയ്യരുത്. |
| 16. വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട വ്യക്തമായ രേഖകൾ (രജിസ്റ്ററുകൾ, ഫയലുകൾ, രസീതുകൾ, ഡിജിറ്റൽ ഡാറ്റാബേസുകൾ മുതലായവ) പരിപാലിക്കുക. | 16. ഏതൊരു സാഹചര്യത്തിലും വായ്പയെടുക്കുന്നവരുടെ സ്വത്തോ വസ്തുക്കളോ പിടിച്ചെടുക്കരുത്. |
| 17. എപ്പോഴും സ്ഥാപനത്തിന്റെ തിരിച്ചറിയൽ കാർഡ് (ID card) ധരിക്കുകയും അനുയോജ്യമായ രീതിയിൽ വസ്ത്രധാരണം നടത്തുകയും ചെയ്യുക. | 17. ദുഃഖസാഹചര്യങ്ങൾ, രോഗാവസ്ഥകൾ അല്ലെങ്കിൽ സാമൂഹിക ചടങ്ങുകൾ പോലുള്ള അനുചിതമായ സമയങ്ങളിൽ ഉപഭോക്താക്കളെ വിളിക്കരുത്. |
| 18. നിങ്ങളുടെ പ്രദേശത്ത് മൈക്രോഫിനാൻസ് പ്രവർത്തനങ്ങളെ ബാധിക്കുന്ന ഏതെങ്കിലും നിയമാനുസൃതമല്ലാത്ത പ്രവർത്തനം/ തട്ടിപ്പ്/ ബാഹ്യഇടപെടലുകൾ കണ്ടാൽ ഉടൻ നിങ്ങളുടെ മേലധികാരികളെ അറിയിക്കുക. | 18. നിങ്ങളുടെ വ്യക്തിഗത അക്കൗണ്ടിൽ തിരിച്ചടവ് തുക ശേഖരിക്കരുത്, കൂടാതെ ഉപഭോക്താക്കളുമായി ഏതെങ്കിലും വ്യക്തിഗത, സാമ്പത്തിക അല്ലെങ്കിൽ സാമൂഹിക ഇടപാടുകളിൽ ഏർപ്പെടരുത്. |
| 19. സ്ഥാപന നിർദ്ദേശപ്രകാരം ശാഖയിൽ, ബാങ്കിൽ അല്ലെങ്കിൽ മറ്റ് നിശ്ചിത സ്ഥലങ്ങളിൽ വൈകാതെ പണം നിക്ഷേപിക്കുക. | 19. സ്ഥാപനം നിർദ്ദേശിച്ച പരിധിയിൽ കൂടുതൽ പണം കൈവശം വയ്ക്കരുത്, കാരണം പണം കവർച്ച ചെയ്യപ്പെടാനോ അതുമൂലമുള്ള അപകടങ്ങൾ ഉണ്ടാകാനോ സാധ്യത കൂടുതലാണ്. |
| **D. മറ്റുള്ളവ** | |
| 20. ഒരുവേള സ്ഥാപനത്തിലെ ഏതെങ്കിലും ജീവനക്കാരിൽ നിന്ന് സ്ഥാപന പ്രക്രിയകളുടെ ദുരുപയോഗം/ലംഘനം സംഭവിക്കുന്നതായി നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ, നിങ്ങളുടെ മേലുദ്യോഗസ്ഥനേയോ, പരിശോധനാ സംഘത്തെയോ ഉടൻ അറിയിക്കുക. | 20. മറ്റ് ജീവനക്കാർ സ്ഥാപനത്തിന്റെ നടപടിക്രമങ്ങൾ ലംഘിക്കുന്നുണ്ടെങ്കിൽ, നിങ്ങൾ അതിൽ പങ്കുചേരരുത് കൂടാതെ അത് അവഗണിക്കുകയും ചെയ്യരുത്. |

**അംഗങ്ങൾ ഈ മാർഗ്ഗനിർദേശങ്ങൾ എല്ലാ ഫീൽഡ് ജീവനക്കാരിലേക്കും എത്തിക്കുന്നതും, അവയെ ആഭ്യന്തര പ്രവർത്തന നടപടിക്രമങ്ങളിലും നിരീക്ഷണ സംവിധാനങ്ങളിലും ഉൾപ്പെടുത്തുന്നതും ഉറപ്പാക്കണമെന്ന് നിർദേശിക്കുന്നു.**

**കൂടുതൽ വ്യക്തത ആവശ്യമുണ്ടെങ്കിൽ, ദയവായി sro@mfinindia.org എന്ന വിലാസത്തിൽ ബന്ധപ്പെടുക.**